Mathrubhumi 19.01.18

# തൃശ്ശൂർ പുഷ്പോത്സവം നാളെ മുതൽ



**തൃശ്ശൂർ ▸** അഗ്രി -ഹോർട്ടികൾച്ചറൽ സൊസൈറ്റിയുടെ നാല്പതാം തൃശ്ശൂർ പുഷ്പോത്സവത്തിന് ശനിയാഴ്ച മുതൽ തേക്കിൻകാട് മൈതാനിയിൽ തുടക്കമാവും. 28 വരെയാണ് പ്രദർശനം. തൃശ്ശൂർ കോർപ്പറേഷൻ, ജില്ലാ പഞ്ചായത്ത്, കൊച്ചിൻ ദേവസ്വം ബോർഡ്, കൃഷി വകുപ്പ് , കാർഷിക സർവകലാശാല എന്നിവരുടെ സഹകരണത്തോടെയാണ് പ്രദർശനം.

നാടൻപൂക്കൾ മുതൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള നൂറിലേറെ ഓർക്കിഡുകൾ, വിവിധയിനം റോസ്, ഹൈബ്രിഡ് ഇംപേഷ്യൻസ്, പുണ വെറൈറ്റി ജർബറ, മെലസ്റ്റോമിയ, സൊലേഷ്യ , ഡയാന്തസ് തുടങ്ങിയവയെല്ലാം പ്രദർശനത്തിനുണ്ടാകും.

ശനിയാഴ്ച രാവിലെ എട്ടുമുതൽ പ്രദർശനം തുടങ്ങും. രാത്രി എട്ടിന് മന്ത്രി വി.എസ്. സുനിൽകുമാർ ഉദ്ഘാടനം ചെയ്യും. കാർഷിക സർവകലാശാലയുടെ പന്ത്രണ്ടിലേറേ പ്രദർശന സ്റ്റാളുകൾ, വെറ്ററിനറി സർവകലാശാലയുടെ വിവിധയിനം കോഴികൾ, കൃഷിവകുപ്പിൻെറ കാർഷികയുത്പന്നങ്ങൾ അടങ്ങുന്ന പവിലിയനുകൾ, ജില്ല കുടുംബശ്രീ മിഷൻെറ ആറുഗ്രൂപ്പുകൾ ഒരുക്കുന്ന ഭക്ഷ്യമേള തുടങ്ങിയവയുമുണ്ടാകും.

രാത്രി ഒമ്പതുവരെ പ്രദർശനമുണ്ടാകും. പത്രസമ്മേളനത്തിൽ പ്രസിഡൻറ് കെ. രാധാകൃഷ്ണൻ, ജന. കൺവീനർ രാമചന്ദ്രൻ പെരുമ്പിടി, ഡെബി വടക്കൻ, വിനോദ് കുറുവത്ത്, പി. മുഹമ്മദ് ബാബു എന്നിവർ പങ്കെടുത്തു.